# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 416 — 04.06.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഴയ പടി മാനുവൽ രീതിയിൽ റേഷൻ വിതരണം നടന്നു വരുന്നു. |
| (ബി) | ഇ-പോസ് മെഷീൻ സ്ഥാപിച്ച റേഷൻ കടകളിൽ പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | കണക്ടിവിറ്റി ഇല്ലാത്ത പ്രശ്നം ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | രോഗികൾ, അവശതയനുഭവിക്കുന്നവർ തുടങ്ങി റേഷൻ കടകളിൽ നേരിട്ട് പോകുവാൻ സാധിക്കാത്തവർക്ക് റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | റേഷൻ കടകളിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് അതേ കടയിൽ തന്നെയുള്ള ഏതെങ്കിലും കാർഡിലെ അംഗത്തിനെ പ്രോക്സി ആയി നിയമിക്കാൻ സാധിക്കും. ടിയാളുടെ ആധാർ ആതന്റിക്കേഷൻ വഴി റേഷൻ വിതരണം നടത്തുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*